# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 60

06/03/2012 ൽ മറുപടിയ്ക്ക്

## ശ്രവണവൈകല്യമുള്ള കുട്ടികൾക്കായുള്ളക്ഷേമ പദ്ധതികൾ

ചോദ്യം

ഉത്തരം

ശ്രീ.എം.ഉമ്മർ:

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും
വകുപ്പുമന്ത്രി)

| | | |
|---|---|---|
| എ | ശ്രവണവൈകല്യമുള്ളവർക്കായി നടപ്പാക്കുന്ന 'കോക്ലിയർ ഇംപ്ലാന്റേഷൻ' പദ്ധതിക്കായി എത്ര കുട്ടികളെ തെരെഞ്ഞെടുത്തു; | എ.) ശ്രവണവൈകല്യമുള്ളവർക്കായി നടപ്പാക്കുന്ന കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയ്ക്കായി ഇതുവരെ 189 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 84 അപേക്ഷകൾ 0-3 വയസുവരെ പ്രായമുള്ള കുട്ടികളുടേതാണ്. ടി അപേക്ഷകൾ എല്ലാം തന്നെ 22/12/2011-ലെ സ.ഉ.(എം.എസ്) 61/2011 സാ.ക്ഷേ.വ പ്രകാരം സ്ക്രീനിംഗ് നടത്തുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ടെക്നിക്കൽ കമ്മറ്റിക്ക് കൈമാറുകയും കോഴിക്കോട് റീജിയണൽ ടെക്നിക്കൽ കമ്മറ്റി നടത്തിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ 14 അപേക്ഷകൾ പരിഗണിക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. മറ്റ് രണ്ട് റീജിയണൽ ടെക്ക്നിക്കൽ കമ്മറ്റികളും ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചു വരികയാണ്. |
| ബി | ഈ പരിപാടി എത്ര കാലത്തേയ്ക്കാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | ബി) ഈ പദ്ധതിക്ക് കാലപരിധി ഏർപ്പെടുത്തിയിട്ടില്ല. |
| സി | ഇതുപോലെ മറ്റേതെങ്കിലും പരിപാടികൾ വൈകല്യ മനുഭവിക്കുന്ന കുട്ടികൾക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | സി). തീരുമാനം കൈക്കൊണ്ടിട്ടില്ല. |

R. Vijayesh
സെക്ഷൻ ഓഫീസർ